**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1223** **30-06-2026-ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മുണ്ടേരി സീഡ് ഫാമിന്റെ വികസനവും തൊഴിലാളി ക്ഷേമവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന മുണ്ടേരി സീഡ് ഫാമിലെ ഉപയോഗപ്പെടുത്താതെ കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി പ്രസ്തുത ഫാമിനെ ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ;

**മറുപടി:** മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിലുള്ള എല്ലാ കൃഷി സ്ഥലങ്ങളും ഉൾപ്പെടുത്തി വിവിധ പദ്ധതികളിലായി വിവിധ ഇനം പ്രദർശനത്തോട്ടങ്ങൾ, പ്രോജനി ഓർച്ചാടുകൾ, ആധുനിക കൃഷിരീതി സമ്പ്രദായങ്ങൾ എന്നിവ വകുപ്പുതലത്തിൽ നടപ്പിലാക്കി വരുന്നു.

**(ബി)** പ്രസ്തുത ഫാമിലെ മൊത്തം തൊഴിലാളികളിൽ ഫാമിനു ചുറ്റുമുള്ള ഉന്നതികളിലെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രാതിനിധ്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്ക് തൊഴിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**മറുപടി:** പ്രാതിനിധ്യം നൽകിയിട്ടുണ്ട്

**(സി)** ഫാമിലെ തൊഴിലാളികളെ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്കീമിൽ നിന്ന് ഒഴിവാക്കി അവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** ഇത് സംബന്ധിച്ച് ഫാം തൊഴിലാളികൾക്ക് ബാധകമായ പെൻഷൻ സ്കീം ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു .

**സെക്ഷൻ ഓഫീസർ**